# പതിനഞ്ചാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : **4617** **13.03.2023** ലെ മറുപടിയ്ക്ക്

## പട്ടികജാതി വിഭാഗത്തിൽപെട്ടവർക്ക് ആരോഗ്യ പരിരക്ഷാ പദ്ധതി

| | ചോദ്യം<br><br>**ശ്രീ. കടകംപള്ളി സുരേന്ദ്രൻ**<br>**ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ**<br>**ശ്രീമതി. ദെലീമ**<br>**ശ്രീ. കെ.കെ. രാമചന്ദ്രൻ** | | മറുപടി<br>**കെ.രാധാകൃഷ്ണൻ**<br>(പട്ടികജാതി പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) |
|---|---|---|---|
| എ) | സംസ്ഥാനത്ത് പട്ടികജാതി വിഭാഗത്തിൽപെട്ട രോഗികൾക്കും പ്രായമായവർക്കും അർഹമായ ചികിത്സാ സഹായം ലഭ്യമാക്കുന്നതിനായി ആരോഗ്യ പരിരക്ഷാ പദ്ധതി നിലവിലുണ്ടോ; പ്രസ്തുത പദ്ധതിയനുസരിച്ച് പട്ടികജാതി കുടുംബത്തിലെ വരുമാനദായകന്റെ മരണത്തോടനുബന്ധിച്ച് ആശ്വാസ ധനസഹായം നൽകുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | എ) | സംസ്ഥാനത്ത് പട്ടികജാതി വിഭാഗത്തിൽപെട്ട രോഗികൾക്കും പ്രായമായവർക്കും അർഹമായ ചികിത്സാ സഹായം ലഭ്യമാക്കുന്നതിനായി ആരോഗ്യ സുരക്ഷാ പദ്ധതി നിലവിൽ നടപ്പിലാക്കി വരുന്നു. മാരകമായ രോഗങ്ങൾ ബാധിച്ചവരും അത്യാഹിതങ്ങളിൽപ്പെട്ടവരുമായ **1,00,000/-** രൂപയിൽ താഴെ വാർഷികവരുമാനമുള്ള പട്ടികജാതി വിഭാഗത്തിന് ആരോഗ്യ സുരക്ഷാ പദ്ധതി പ്രകാരം **50,000/-**രൂപ വരെ ചികിത്സാ ധനസഹായം അനുവദിക്കുന്നു. ഹൃദയശസ്ത്രക്രിയ, ക്യാൻസർ, കിഡ്നി തകരാർ മുതലായ ഗുരുതരമായ രോഗങ്ങൾക്ക് പരമാവധി **1,00,000/-** രൂപ വരെ ആശുപത്രി മുഖാന്തിരം നൽകുന്നു. നിശ്ചിത ഫാറത്തിലുള്ള ജാതി, വരുമാന സർട്ടിഫിക്കറ്റുകൾ, റേഷൻ കാർഡിന്റെ പകർപ്പ്, ബാങ്ക് അക്കൗണ്ട് പാസ് ബുക്കിന്റെ പകർപ്പ് എന്നിവ സഹിതം അക്ഷയ കേന്ദ്രങ്ങളിലൂടെ സൗജന്യമായി ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനോടൊപ്പം അക്ഷയ കേന്ദ്രങ്ങളിൽ നിന്നും ലഭിക്കുന്ന പ്രിന്റ് സഹിതം ടി അപേക്ഷ, ബന്ധപ്പെട്ട ബ്ലോക്ക്/മുനിസിപ്പൽ/കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർക്ക് സമർപ്പിക്കണം. കൂടാതെ, വകുപ്പ് മന്ത്രിക്ക് നേരിട്ടും അപേക്ഷ നൽകാവുന്നതാണ്. |

| | | | |
|---|---|---|---|
| | | | പട്ടികജാതി കുടുംബങ്ങളിലെ ഏകവരുമാനദായക നായ വ്യക്തി മരണപ്പെട്ടാൽ കുടുംബത്തിന് നിലവിൽ **2,00,000/-**രൂപ ധനസഹായം നൽകുന്നു. അപേക്ഷ, ജാതി, വരുമാന സർട്ടിഫിക്കറ്റുകൾ, മരണ സർട്ടിഫിക്കറ്റ്, മരണപ്പെട്ട വ്യക്തി കുടുംബത്തിലെ ഏകവരുമാനദായകനായിരുന്നുവെന്ന തഹസിൽദാരുടെ സാക്ഷ്യപത്രം, റേഷൻ കാർഡിന്റെ പകർപ്പ്, ബാങ്ക് അക്കൗണ്ട് രേഖകൾ തുടങ്ങിയവ സഹിതം ബന്ധപ്പെട്ട ബ്ലോക്ക്/ മുനിസിപ്പൽ/കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർക്കാണ് സമർപ്പിക്കേണ്ടത്. മരണം സംഭവിച്ച് രണ്ട് വർഷത്തിനുള്ളിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. |
| ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷവും കഴിഞ്ഞ സർക്കാരിന്റെ കാലത്തും പ്രസ്തുത പദ്ധതിക്കായി വകയിരുത്തിയ തുക, ചെലവായ തുക എന്നിവയുടെ വിശദാംശം നൽകാമോ; പ്രസ്തുത പദ്ധതി മുഖേന പട്ടികജാതി വിഭാഗത്തിൽപെട്ടവരുടെ ആരോഗ്യപരിരക്ഷ ഉറപ്പുവരുത്തുന്ന തിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്; വിശദാംശം നൽകുമോ? | ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷവും കഴിഞ്ഞ സർക്കാരിന്റെ കാലത്തും പ്രസ്തുത പദ്ധതിക്കായി വകയിരുത്തിയ തുക, ചെലവായ തുക എന്നിവയുടെ വിശദാംശം **<u>അനുബന്ധമായി</u>** ചേർക്കുന്നു.<br><br>പട്ടികജാതി വിഭാഗത്തിൽപ്പെട്ട വരുമാനം കുറവുള്ളവർക്ക് അടിയന്തിര ചികിത്സാ സഹായം ലഭ്യമാക്കുന്നതിനും, അവർക്ക് തുടർ ചികിത്സയുടെ ആവശ്യത്തിനായും ചികിത്സാ ധനസഹായ പദ്ധതി വളരെയേറെ പ്രയോജനപ്രദമാണ്. |

**സെക്ഷൻ ഓഫീസർ**

# അനുബന്ധം

| ക്രമ നം. | വർഷം | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|
| 1 | 2016–17 | 788800000 | 459928104 |
| 2 | 2017–18 | 898800000 | 366091700 |
| 3 | 2018–19 | 500000000 | 297011140 |
| 4 | 2019–20 | 600000000 | 387160626 |
| 5 | 2020–21 | 550000000 | 473174343 |

| ക്രമ നം. | വർഷം | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|
| 1 | 2021–22 | 603182000 | 540258696 |
| 2 | 2022–23 | 453182000 | 441250800 |

സെക്ഷൻ ഓഫീസർ